## പതിനാലാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം *394** — 15/05/2017-ൽ മറുപടിയ്ക്ക്

### സ്കൂൾ പരീക്ഷാ സമ്പ്രദായം ആധുനികവത്ക്കരിക്കുവാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ<br>,, വി.ടി.ബൽറാം<br>,, കെ.എസ്.ശബരീനാഥൻ<br>,, അൻവർ സാദത്ത് : | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സ്കൂൾ പരീക്ഷാ സമ്പ്രദായം ആധുനികവത്ക്കരിക്കുവാൻ ആലോചനയുണ്ടോ; | (എ) ആലോചിച്ചു വരുന്നു. |
| (ബി) എസ്.എസ്.എൽ.സി. പരീക്ഷയടക്കമുള്ള പരീക്ഷകൾക്ക് ഓരോ വിഷയത്തിനും ചോദ്യ ബാങ്ക് തയ്യാറാക്കി, സ്കൂൾ പരീക്ഷാ സമ്പ്രദായം സമഗ്രമായി പരിഷ്ക്കരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) പൊതുപരീക്ഷകൾക്കായി ചോദ്യബാങ്കുകൾ രൂപപ്പെടുത്തി അതിന്റെ അടിസ്ഥാനത്തിൽ ചോദ്യപേപ്പർ തയ്യാറാക്കി പരീക്ഷ നടത്തുന്ന രീതിയെക്കുറിച്ച് ആലോചിച്ചുവരുന്നു. മികച്ച ചോദ്യങ്ങൾ ഉൾപ്പെടുത്തി പരീക്ഷാ നിലവാരം കൂടുതൽ മെച്ചപ്പെടുത്താൻ ഇത് സഹായകമാകും. |
| (സി) ഇത്തരം പരിഷ്ക്കരണങ്ങൾ നടപ്പിലാക്കുന്നതിന് മുമ്പ് ബന്ധപ്പെട്ട എല്ലാവരുടെയും അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ; | (സി) ചർച്ചകളുടെയും പഠനങ്ങളുടെയും അടിസ്ഥാനത്തിൽ മാത്രമേ ഇതിന്മേൽ തീരുമാനം കൈക്കൊള്ളുകയുള്ളൂ. |
| (ഡി) കാണാപാഠം പഠിച്ച് പരീക്ഷ എഴുതുന്ന രീതി ഒഴിവാക്കുന്ന രീതിയിലും കുട്ടികളുടെ വിശകലന ശേഷിയും നിരീക്ഷണ പാടവവും ഓർമ്മ ശക്തിയും പരീക്ഷിക്കപ്പെടുന്ന വിധത്തിലുമാകുമോ ചോദ്യങ്ങൾ തയ്യാറാക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) ചോദ്യപേപ്പർ കുറ്റമറ്റ രീതിയിൽ തയ്യാറാക്കുന്നതിന് ക്ലാസ്സ് റൂം അനുഭവമുള്ള വിദഗ്ധരായ അദ്ധ്യാപകരെ ഉൾപ്പെടുത്തി ചോദ്യശേഖരം തയ്യാറാക്കി പ്രസ്തുത ചോദ്യങ്ങളിൽ നിന്നും ചോദ്യപേപ്പർ തയ്യാറാക്കിയാൽ കുട്ടികളുടെ ശേഷികൾ പരിശോധിക്കാൻ കഴിയുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ